Government of Kerala

Kerala Infrastructure and Technology for Education

നം. KITE/2021/18 തീയതി : 24.08.2021

## സർക്കുലർ

വിഷയം:- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - ഐ.ടി ക്ലബ് അംഗങ്ങൾക്ക് ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രവേശനത്തിന് ബോണസ് മാർക്ക് - സർട്ടിഫിക്കറ്റ് നമ്പർ സംബന്ധിച്ച്.

സൂചന:- (1) സ. ഉ(സാധാ) നം. 361/2018/പൊ.വി.വ തീയതി 20.01.18.
(2) സ.ഉ (സാധാ) നം. 3667/2021/പൊ.വി.വ തീയതി 12.08.2021
(3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/08/2021 ലെ C3/1685/2021 നമ്പർ ഉത്തരവ്

സൂചന ഉത്തരവ് (1) പ്രകാരം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിൽ പ്രവർത്തിച്ച് വരുന്ന അംഗങ്ങൾക്ക് സൂചന 2 ഉം 3 ഉം പ്രകാരം ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി പ്രവേശനങ്ങൾക്ക് ബോണസ് മാർക്ക് അനുവദിച്ചിട്ടുണ്ട്.

ഹയർ സെക്കണ്ടറി - വൊക്കേഷണൽ ഹയർസെക്കണ്ടറി പ്രവേശനത്തിന് ബോണസ് പോയിന്റ് ലഭിക്കുന്നതിന് പ്രവേശന ഫാറത്തിലും ഓൺലൈൻ സംവിധാനത്തിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിന്റെ നമ്പറും, തീയതിയും രേഖപ്പെടുത്തേണ്ടതുണ്ട്. കുട്ടികൾക്ക് നൽകിയിരിക്കുന്ന സർട്ടിഫിക്കറ്റിന്റെ ആധികാരികത അതിൽ ഉൾപ്പെടുത്തിയിട്ടുള്ള QR കോഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ മേൽ സൂചിപ്പിച്ച പ്രവശന ഫാറത്തിൽ സർട്ടിഫിക്കറ്റ് നമ്പറായി QR കോഡിൽ ഉൾപ്പെടുത്തിയിട്ടുള്ള അഡ്മിഷൻ നമ്പർ രേഖപ്പെടുത്താവുന്നതാണ്.

*(ഉദാഹരണത്തിന് 1234 അഡ്മിഷൻ നമ്പറായുള്ള കുട്ടി താഴെപ്പറയും പ്രകാരമാണ് വിശദാംശങ്ങൾ നൽകേണ്ടത്:*

| | | |
|---|---|---|
| Certificate No. | : | 1234 |
| Date | : | (*സർട്ടിഫിക്കറ്റിൽ നൽകിയ തീയതി)* |
| Issuing Authority | : | KITE ) |

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ പ്രഥമാധ്യാപകർക്ക് } ജില്ലാ കോ ഓർഡിനേറ്റർ മുഖാന്തിരം